# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4047 — 25.06.2018-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ

**ചോദ്യം**

**ശ്രീ. എ. എൻ. ഷംസീർ :**

**മറുപടി**

**ശ്രീ. എ. കെ. ബാലൻ**
(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(എ) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ ദേശീയ ഏജൻസികളുടെ ചാലക ഏജൻസി എന്ന നിലയിൽ പ്രസ്തുത ഏജൻസികളുടെ ഫണ്ടും കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, പ്രവർത്തന മൂലധന വായ്പ, വാഹന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ, ഗൃഹ പുനരുദ്ധാരണ വായ്പ തുടങ്ങിയ വായ്പാ പദ്ധതികളും 2017-18 സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച പ്രവാസികൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയായ "റീ-ടേൺ", പ്രൊഫഷണലുകൾക്കുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതിയായ "സ്റ്റാർട്ട് അപ്", ഭവന നിർമ്മാണ വായ്പാ പദ്ധതിയായ "എന്റെ വീട്" എന്നിവയും കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കിയ പദ്ധതികളാണ്.

(ബി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ / സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

(ബി) നിലവിലുള്ള പദ്ധതികൾ ഉൾപ്പെടെ, 2018-19 സാമ്പത്തിക വർഷം 450 കോടി രൂപയുടെ വായ്പാ പദ്ധതികൾ നടപ്പിലാക്കുവാൻ കോർപ്പറേഷൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (ഒ.ബി.സി) പദ്ധതികൾ - NBCFDC പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | സ്വയം തൊഴിൽ പദ്ധതി<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 2 | വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 1 ലക്ഷം രൂപ | 5% |
| 3 | വിദ്യാഭ്യാസ വായ്പാ പദ്ധതി<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4 | ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 1 കോടി രൂപ<br>NGO -യ്ക്ക് പരിധി ഇല്ല | NGO/CDS – 3.5%<br>SHG -യ്ക്ക് - 5% |
| 5 | മഹിളാ സമൃദ്ധി യോജന ( വനിതകൾക്കുള്ള ലഘു വായ്പ)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS -കൾക്ക് പരമാവധി 1 കോടി രൂപ | CDS – 2.5%<br>SHG -യ്ക്ക് - 4% |
| 6 | റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ<br>**പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 7 | സ്റ്റാർട്ട് അപ് വായ്പാ പദ്ധതി (പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിനുവേണ്ടി)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ<br>**പ്രത്യേക ആനുകൂല്യം**<br>വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡിയായി അനുവദിക്കും). | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |

(.....2)

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) - NMDFC പദ്ധതികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | സ്വയം തൊഴിൽ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 20 ലക്ഷം രൂപ | 6% |
| 2 | സ്വയം തൊഴിൽ പദ്ധതി - 2<br>(6,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3 | ലഘു വായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | CDS/NGO –50 ലക്ഷം രൂപ | NGO/CDS – 3.5%<br>SHG -ക്ക് - 5% |
| 4 | വിദ്യാഭ്യാസ വായ്പാ പദ്ധതി - 1<br>(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) | 3% |
| 5 | വിദ്യാഭ്യാസ വായ്പാ പദ്ധതി - 2<br>(6,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |
| 6 | റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം |
| | | **പ്രത്യേക ആനുകൂല്യം**<br>പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |
| 7 | സ്റ്റാർട്ട് അപ് വായ്പാ പദ്ധതി (പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം തുടങ്ങുന്നതിനുവേണ്ടി) | 30 ലക്ഷം രൂപ | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം |

(.....3)

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി. - മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)**

| ക്രമ നം. | പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|---|
| 1 | പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 2 ലക്ഷം രൂപ | 6.00% |
| 2 | സുവർണ്ണ ശ്രീ വായ്പ<br>(ബഹുവിധ ആവശ്യങ്ങൾക്ക്)<br>(6,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 9.00% |
| 3 | പ്രവർത്തന മൂലധന വായ്പ<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 8.00% |
| 4 | ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 9.00% |
| 5 | വിദ്യാശ്രീ വായ്പ<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 6.00% |
| 6 | വാഹന വായ്പ<br>(8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 6 ലക്ഷം രൂപ | 9.00% |
| 7 | ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ)<br>(8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 10.00% |
| 8 | വ്യക്തിഗത വായ്പ<br>(8,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 11.00% |
| 9 | എന്റെ വീട്<br>(ഭവന നിർമ്മാണ വായ്പാ പദ്ധതി - 1)<br>(1,20,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 5 ലക്ഷം രൂപ | 7.50% |
| 10 | എന്റെ വീട്<br>(ഭവന നിർമ്മാണ വായ്പാ പദ്ധതി - 2)<br>(3,00,000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8.00% |

സെക്ഷൻ ഓഫീസർ